**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1288** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഖാദർ കമ്മിറ്റി ശിപാർശകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം നൗഷാദ്** | | **null**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസം, ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ.എന്നീ വകുപ്പുകളുടെ സംയോജനത്തിന്റെ ഭാഗമായുള്ള താഴെത്തട്ട് മുതലുള്ള ഓഫീസ് സംവിധാനങ്ങൾ എന്ന് നിലവിൽ വരുമെന്ന് അറിയിക്കാമോ; | (എ) | പൊതുവിദ്യാഭ്യാസം, ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ എന്നീ വകുപ്പുകളുടെ സംയോജനത്തിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഖാദർ കമ്മിറ്റി ശിപാർശകൾ പൂർണ്ണമായി അനുസരിച്ചുള്ള സംവിധാനമാണോ നിലവിൽ വരുന്നതെന്നു വിശദമാക്കാമോ; | (ബി) | 31/05/2019 തീയതിയിലെ സ.ഉ.(കൈ) നമ്പർ.53/2019/പൊ.വി.വ പ്രകാരം ഖാദർ കമ്മിറ്റിയുടെ ശിപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. അത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഏകോപനം നടപ്പിലാക്കുമ്പോൾ തിരുവനന്തപുരം, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ എ.ഒ. തസ്തികയിലെ ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കുമോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ തിരുവനന്തപുരം, എറണാകുളം ആർ.ഡി.ഡി ഓഫിസുകളിലെ എ.ഒ. തസ്തിക നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അല്ല. സീനിയർ ഉദ്യോഗസ്ഥരുടെ അഭാവം മൂലമാണ് കോട്ടയം ആർ.ഡി.ഡി ഓഫീസിൽ എ.ഒ. തസ്തികയിൽ ഡെപ്യൂട്ടേഷൻ തുടരുന്നത്. ഉദ്യോഗസ്ഥരുടെ പ്ലേസ്മെന്റ് നടക്കുമ്പോൾ കോട്ടയം ആർ.ഡി.ഡി ഓഫീസിലും ഡെപ്യൂട്ടേഷൻ ഒഴിവാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ